**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4937** **11-08-2021 - ൽ മറുപടിയ്ക്ക്**

**അവയവ മാറ്റ ശസ്ത്രക്രിയകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രതിവർഷം സർക്കാർ-സ്വകാര്യ ആശുപത്രികളിലൂടെ എത്ര അവയവ മാറ്റ ശസ്ത്രക്രിയകളാണ് നടന്നു വരുന്നതെന്ന് അറിയിക്കാമോ; | (എ) | കേരളത്തിൽ പ്രതിവർഷം സർക്കാർ സ്വകാര്യ ആശുപത്രികൾ മുഖേന ഏകദേശം 650 മുതൽ 800 വരെ അവയവ മാറ്റ ശസ്ത്രക്രിയകൾ നടന്നു വരുന്നു. |
| (ബി) | അവയവ മാറ്റ ശസ്ത്രക്രിയക്ക് വിധേയരായവരുടെ ഡാറ്റ ആരോഗ്യ വകുപ്പിന്റെ പക്കലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു ഡാറ്റാ ബാങ്ക് രൂപീകരണത്തിന് നടപടി സ്വീകരിക്കുമോ; | (ബി) | അവയവദാനവുമായി ബന്ധപ്പെട്ട കണക്ക് അതാത് ആശുപത്രികൾ മുഖേനയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്. ഡാറ്റാ ബാങ്ക് രൂപീകരിക്കുന്നതിനായി, സർക്കാരിന്റെ അവയവദാന പദ്ധതിയുടെ ഭാഗമായി, നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ മുഖേന ഒരു ഓൺലൈൻ രജിസ്ട്രി വികസിപ്പിച്ച് വരുന്നുണ്ട്. |
| (സി) | പ്രസ്തുത ശസ്ത്രക്രിയക്ക് വിധേയരാകുന്നവർ തുടർ ചികിത്സാ പ്രക്രിയയുടെ ഭാഗമായി മാസം തോറും ലബോറട്ടറി പരിശോധനകൾക്കും മരുന്നുകൾക്കുമായി ഭാരിച്ച തുക ചെലവിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജനകീയമായി ഫണ്ട് സ്വരൂപിച്ച് ഇത്തരം ശസ്ത്രക്രിയക്ക് വിധേയരാകുന്ന പാവപ്പെട്ടവർക്ക്, വൻ സാമ്പത്തിക ചെലവ് വരുന്ന തുടർ ചികിത്സാ പ്രക്രിയ താങ്ങാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇത്തരം ശസ്ത്രക്രിയക്ക് വിധേയരാകുന്ന മുഴവൻ പാവപ്പെട്ട രോഗികൾക്കും സൗജന്യ തുടർചികിത്സ ഉറപ്പ് വരുത്തുന്നതിനും ഇവർക്ക് പ്രതിമാസം ഒരു നിശ്ചിത തുക പ്രത്യേക ധനസഹായമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഇ) | നിലവിൽ സാമൂഹ്യ സുരക്ഷ മിഷന്റെ കീഴിലുള്ള 'സമാശ്വാസം' പദ്ധതി പ്രകാരം വൃക്ക/കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ഒരു ലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള രോഗികൾക്ക് പ്രതിമാസം 1600/- രൂപ നിരക്കിൽ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ